പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **--2868** **12.10.2011-** ലെ മറുപടിക്ക്

<u>പ്രവാസികൾക്ക് പെൻഷൻ</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. കെ. ടി. ജലീൽ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ്) 60 വയസ്സ് കഴിഞ്ഞ പാവപ്പെട്ട പ്രവാസികൾക്ക് പെൻഷൻ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; | (എ) കേരള പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമെടുത്തിട്ടുള്ളതും, അംശാദായം അടച്ചുവരുന്നതുമായ അംഗങ്ങൾക്ക് 60 വയസ്സുപൂർത്തിയാകുന്ന മുറയ്ക്ക് ബോർഡിൽ നിന്നും പെൻഷൻ ലഭിക്കുന്നതാണ്. 60 വയസ്സ് കഴിഞ്ഞതും ക്ഷേമനിധിയിൽ അംഗത്വം ഇല്ലാത്തതുമായ എല്ലാ പാവപ്പെട്ട പ്രവാസികൾക്കും പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടില്ല. |

| | |
|---|---|
| (ബി) എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (ബി) ക്ഷേമനിധിയിൽ നിന്നും പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെക്കൊടുക്കുന്നു.<br><br>1. അറുപത് വയസ്സ് പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ(വിദേശം) അംഗത്തിനും പ്രതിമാസം ആയിരം രൂപയും അറുപത് വയസ്സ് പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലവളവിൽ അംശാദായമടച്ചിട്ടുള്ളതുമായ ഓരോ മുൻ പ്രവാസി കേരളീയനായ(വിദേശം) അംഗത്തിനും, സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നയാളായ ഓരോ പ്രവാസി കേരളീയനായ(വിദേശം) അംഗത്തിനും പ്രതിമാസം അഞ്ഞൂറു രൂപയും പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.<br><br>2. അറുപത് വയസ്സ് പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ |

അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ(ഭാരതം) അംഗത്തിനും, ഓരോ കല്പിതാംഗത്തിനും പ്രതിമാസം അഞ്ഞൂറു രൂപ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

3. അഞ്ചു വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് , അവർ പൂർത്തിയാക്കിയ അഞ്ചുവർഷത്തിനുശേഷമുള്ള ഓരോ അംഗത്വവർഷത്തിനും മേൽ ഒന്നും രണ്ടും ഖണ്ഡികകളിൽ പ്രതിപാദിച്ച മിനിമം പെൻഷൻ തുകയുടെ 3% തുല്യമായ തുകകൂടി പ്രതിമാസം അധിക പെൻഷനായി ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ